**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2410** **13-09-2023 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലെ 52-ാം നമ്പർ അംഗൻവാടിയുടെയും മഴുവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അംഗൻവാടിയുടെയും കെട്ടിടനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | (എ) കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മഴുവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണത്തിനായി ബഹു. കുന്നത്തുനാട് നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ടി അങ്കണവാടി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ട്. ടെണ്ടർ എടുത്തിട്ടുള്ള കരാറുകാരൻ Tender Quote ചെയ്ത തുകയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്ന നിലപാട് സ്വീകരിച്ചതിനാൽ നിർമ്മാണം നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | (ബി) | (ബി) കുന്നത്തുനാട് മണ്ഡലത്തിലെ തിരുവാണിയൂർ പഞ്ചായത്തിലെ 52-ാം നമ്പർ അങ്കണവാടിക്ക് MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മഴുവന്നൂർ പഞ്ചായത്തിലെ 7-ാം നമ്പർ അങ്കണവാടിയ്ക്ക് കെട്ടിടനിർമ്മാണത്തിനായി ബഹു. കുന്നത്തുനാട് നിയോജകമണ്ഡലം എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുണ്ട്. ടി അങ്കണവാടി സ്ഥിതി ചെയ്തിരുന്ന പഴയ കെട്ടിടം പൊളിച്ചു മാറ്റിയിട്ടുണ്ട്. ടെണ്ടർ എടുത്തിട്ടുള്ള കരാറുകാരൻ Tender Quote ചെയ്ത തുകയ്ക്ക് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുകയില്ല എന്ന നിലപാട് സ്വീകരിച്ചതിനാൽ നിർമ്മാണം നിലവിൽ തടസ്സപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് |

| | | | |
|---|---|---|---|
| | | | തടസ്സങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ